നം.കെ.എസ്.എ.പി.റ്റി.എ.പി**8/601/16** തീയതി **:01-06-2016**

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ **2014-15**സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട് **(1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം **215(4) -** വകുപ്പ് **,1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13-**ാം വകുപ്പ്**, 1996** ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട | ശ്രീ വി.കെ.ഷാജി |
| ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) |
| ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | കെ.എസ്.എ.പി.റ്റി.എ / പി1/748(17)/2015തീയതി 31-10-2015 (വിശേഷണങ്ങളോട് കൂടിയത്) |

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

ഗ്രാമപ്പഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 13-06-2015 മുതൽ 17-05-2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.12അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 18-05-2016 മുതൽ 31-05-2016 വരെ | ശ്രീ. പ്രദീപ് കുമാർ.എൻ (ഓഡിറ്റ് ഓഫീസർ)<br>ശ്രീ. ഷൈജു . വൈ (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ. അരുൺ.പി.ബി (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ. കൃഷ്ണദാസ്.എൻ.വി (ഓഡിറ്റർ) |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സുഗതകുമാരി | 01.04.14മുതൽ 31.03.15വരെ |
| സെക്രട്ടറി | ശ്രീ. വി.രംഗനാഥ് | 01.04.14മുതൽ 15.04.14വരെ |
| | ശ്രീ.കെ.സനൽ കുമാർ (അസിസ്റ്റന്റ് സെക്രട്ടറി) | 16.04.14 മുതൽ 06.05.14 വരെ |
| | ശ്രീ. സി.വൈ.ജോസ് | 07.05.14 മുതൽ 11.11.14 വരെ |
| | ശ്രീ.കെ.സനൽ കുമാർ (അസിസ്റ്റന്റ് സെക്രട്ടറി) | 12.11.14 മുതൽ 25.12.14 വരെ |
| | ശ്രീ. സി.പി.സുനിൽ (സെക്രട്ടറി,കൊറ്റനാട് ഗ്രാമപഞ്ചായത്ത്) | 26.12.14 മുതൽ 05.01.15 വരെ |
| | ശ്രീ. എസ്.നെൽസൺ | 06.01.15 മുതൽ 31.03.15 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം .

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ,ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ

അനുബന്ധ രേഖകൾ

1)റസിപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

2)ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്

3)ബാലൻസ് ഷീറ്റ്

സൂചിക


| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം- 1 | |
| 1 | ബജറ്റ് | 1-1 |
| 2 | സാമ്പത്തിക വിശകലനം | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | തനത് വരുമാനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് വേരിഫിക്കേഷൻ | 1-7 |
| 8 | ദുരിതാശ്വാസ നിധി | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| | ഭാഗം-2 | |
| 10 | വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല | 2-1 |
| 11 | മൊബൈൽടവറുകളുടെ വസ്തുനികുതി- പഞ്ചായത്തിനു വരുമാനനഷ്ടം | 2-2 |
| 12 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-3 |
| 13 | കരിങ്കൽ ക്വാറികൾ, ക്രഷർ യൂണിറ്റുകൾ- ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4 |
| | ഭാഗം-3 | |
| 14 | വട്ടരി-മലേക്കീഴ് കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായില്ല- നിർവ്വഹണത്തിൽ സുതാര്യത പുലർത്തുന്നില്ല. | 3-1 |
| 15 | അംഗൻവാടി മെയിന്റനൻസ് - അലൂമിനിയം ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിന് അധിക നിരക്ക് നൽകി. | 3-2 |
| 16 | ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള പ്രവൃത്തികളുടെ നിർവ്വഹണം സുതാര്യമല്ല – ടെണ്ടർ സമ്പ്രദായം പൂർണ്ണമായും സ്വീകരിക്കുന്നില്ല. | 3-3 |
| 17 | സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജ്- നിലവിലില്ലാത്ത സാധാരണ ബൾബുകൾക്ക് ഗ്രാമപഞ്ചായത്ത് മാസം തോറും അടവാക്കുന്നു. | 3-4 |
| 18 | പാലിയേറ്റീവ് പരിചരണം- മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല. | 3-5 |

| | | |
|---|---|---|
| 19 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-പൂർത്തീകരണ വിവരമില്ല. | 3-6 |
| 20 | ആശ്രയ പദ്ധതി - ഒന്നാംഘട്ടം ഫലപ്രദമായി നടപ്പിലാക്കിയില്ല. | 3-7 |
| 21 | നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ഒടുക്കുന്നെങ്കിലും കൈപ്പറ്റ് രസീത് ലഭിക്കുന്നില്ല. | 3-8 |
| | ഭാഗം-4 | |
| 22 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-3 |
| 25 | സ്ഥിര നിക്ഷേപങ്ങൾ | 4-4 |
| 26 | ഓഡിറ്റ് റിക്കവറി | 4-5 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-6 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-7 |


# ഭാഗം –1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി. | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)/ചെലവ്. | | യഥാർത്ഥ തുക. | കുറവ്. | കുറവ് ശതമാനത്തിൽ |
|---|---|---|---|---|---|---|
| 2014-15 | 19-03-2014 | വരവ് | 84835750 | 51744862 | 33090888 | 39 |
| | | ചെലവ് | 80902350 | 36869063 | 44033287 | 54.4 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ, സ്ഥാപനത്തിലെ ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾക്ക് ഓരോ വർഷവും ജനുവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതും ബജററ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. ബജറ്റ് തയ്യാറാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. 2014-15 വർഷത്തെ ബജറ്റ് 19-03-2014 ലെ ജനറൽ കമ്മിറ്റിയിലെ ഒന്നാം നംപർ തീരുമാനപ്രകാരം പാസ്സാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതികൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സപ്ലിമെന്ററി അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമേ പ്ലാൻ ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാവുകയുള്ളൂ. എന്നാൽ 2014-15 ൽ വാർഷിക പദ്ധതിച്ചെലവുകൾ ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

മേൽ പറഞ്ഞ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ വിവിധ കാരണങ്ങളാൽ രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുകയും രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

### 1-2 സാമ്പത്തിക വിശകലനം

2014-15സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പെയ്മെന്റ് കണക്കുകളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വിശകലനമാണ് ചുവടെ ചേർത്തിരിക്കുന്നത്.

| | |
|---|---|
| മുന്നിരിപ്പ് | 6528025 |

| | |
|---|---|
| വരവ് | 45216837 |
| ആകെ | 51744862 |
| ചെലവ് | 36869063 |
| നീക്കിയിരുപ്പ് | 14875799 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | 687469 | 7824000 | 8511469 | 7749621 | 761848 | 91 |
| വികസന ഫണ്ട് (എസ്.സി.പി ) | 0 | 3308000 | 3308000 | 3134000 | 174000 | 95 |
| വികസന ഫണ്ട് (റ്റി.എസ്.പി ) | 24500 | 81000 | 105500 | 33500 | 72000 | 32 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 3611 | 2790000 | 2793611 | 2259111 | 534500 | 81 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 885038 | 2383000 | 3268038 | 1369420 | 1898618 | 42 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 450399 | 5554028 | 6004427 | 5339500 | 664927 | 89 |
| പെർഫോമൻസ് ഗ്രാന്റ് | 6816 | 2610000 | 2616816 | 6816 | 2610000 | 0.26 |
| MNREGS | 49668 | 9523252 | 9572920 | 9572920 | 0 | 100 |

## 1-4 പദ്ധതി അവലോകനം

2014-15സാമ്പത്തിക വർഷത്തെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായിനടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം ) | നടപ്പാക്കാത്തവ (എണ്ണം ) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2014-15 | 144 | 40360880 | 101 | 0 | 43 | 22409762 | 70 |

## 1-5 തനത് വരുമാനം

| ഇനം | 2013-14 | 2014-15 | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 1946824 | 3074901 | (+1128077) | (+57.94) |
| നികുതിയേതര വരവുകൾ | 189667 | 177905 | (-11762) | (-6.20) |
| മറ്റു വരവുകൾ | 525683 | 543261 | (+17578) | (+3.34) |
| ആകെ | 2662174 | 3796067 | (+1157417) | (+43.48) |

## 1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19200 | 13 |

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2033325 | 269 |
| വിധവാപെൻഷൻ | 2585084 | 283 |
| 50വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 66885 | 6 |
| വാർദ്ധക്യകാലപെൻഷൻ | 933004 | 193 |
| വികലാംഗപെൻഷൻ | 1467698 | 171 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-05-2016 ൽ 11AM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസായ 12595 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ദുരിതാശ്വാസ നിധി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി നാളിതുവരെ രൂപീകരിച്ചിട്ടില്ല. ആയതിനാൽ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും അതിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിലെ രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ ഡി.സി.ബി എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ജനറൽ കമ്മിറ്റിയുടെയും മിനിറ്റ്സ് ബുക്കുകൾ കൃത്യമായി തയ്യാറാക്കിയിട്ടുണ്ട്. ഇൻക്യംബെൻസി മാസ്റ്റർ രജിസ്റ്റർ ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർ, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ വിവരങ്ങൾ ഉൾപ്പെടുത്തി പൂർണ്ണമാക്കിയിട്ടില്ല.
പദ്ധതി പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തി മോണിറ്ററിംഗ് സമിതി റിപ്പോർട്ട് തയ്യാറാക്കി പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടുണ്ട്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല. 2014-15 സാമ്പത്തിക വർഷം ആകെ ഡിമാന്റ് തുകയുടെ 49.95% ആയിരുന്നു വസ്തുനികുതി പിരിവ്. എന്നാൽ തൊട്ടടുത്ത സാമ്പത്തിക വർഷം 38.30% മാത്രമായിരുന്നു പിരിവ് . കളക്ഷനിൽ 11.65% കുറവുണ്ടായി.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഡിമാന്റ്(കുടിശ്ശിക ഉൾപ്പെടെ) | കളക്ഷൻ | ബാലൻസ് | പിരിവിന്റെ ശതമാനം |
|---|---|---|---|---|
| 2014-15 | 4478353/- | 2236924/- | 2241429/- | 49.95 |
| 2015-16 | 3748297/- | 1435652/- | 2312645/- | 38.30 |

വസ്തുനികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ ഗുരുതരമായ കൃത്യവിലോപമാണ് അധികൃതരുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. പൊളിച്ചുമാറ്റിയതും ഉപയോഗയോഗ്യമല്ലാത്തതുമായ കെട്ടിടങ്ങളെ ഡിമാന്റിൽ നിന്ന് ഒഴിവാക്കേണ്ടതും വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിനായി ക്യാമ്പ് കളക്ഷനുകൾ നടത്തേണ്ടതും റവന്യൂ റിക്കവറി നടപടികൾ മുഖേന വസ്തുനികുതി പിരിച്ചെടുക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി -പഞ്ചായത്തിനു വരുമാനനഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചുവെങ്കിലും ആയത് പ്രകാരം ഈടാക്കി തുടങ്ങിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാനനഷ്ടം ഉണ്ടാകുന്നു. ജി.ഒ.(ആർ.റ്റി) നം.19/2011 തസ്വഭവ തീയതി 14.01.2011 പ്രകാരം മൊബൈൽടവറുകൾക്ക് ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി ച.മീറ്ററിന് 500 രൂപയാണ്. എന്നാൽ നാളിതുവരെ ഇതനുസരിച്ച് 2013-14 സാമ്പത്തിക വർഷത്തിന് മുമ്പ് നികുതി നിർണ്ണയം നടത്തിയ മൊബൈൽ ടവറുകളിൽ നിന്നൊന്നും തന്നെ പുതുക്കിയ നിരക്കിൽ വസ്തുനികുതി ഈടാക്കിയിട്ടില്ല. 2013-14 സാമ്പത്തിക വർഷം നികുതി നിർണ്ണയം നടത്തിയ ഇൻഡസിന്റെ രണ്ട് ടവറുകളിൽ നിന്നും വാർഷിക വസ്തുനികുതി ച.മീറ്ററിന് 500/- രൂപ നിരക്കിൽ നിശ്ചയിച്ച് ഈടാക്കിയിട്ടുണ്ട്.

നിലവിൽ പ്രവർത്തിച്ചുവരുന്ന ടവറുകളുടെയും അവയ്ക്ക് നിർണ്ണയിച്ചിരിക്കുന്ന വസ്തു നികുതിയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നം/ കെട്ടിട നം | ടവറിന്റെ വിവരം | നികുതി നിർണ്ണയിച്ച വർഷം | നിർണ്ണയിച്ചിട്ടുള്ള നികുതി | പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി |
|---|---|---|---|---|---|
| 1 | I/152A | ഹച്ചിസൺ എസ്സാർ | 2007-08 | 162/- | നിർണ്ണയിച്ചില്ല |
| 2 | II/266C | ഇൻഡസ് ടവർ | 2008-09 | 324/- | 16200/- |
| 3 | II/266D | എസ്സാർ | 2009-10 | 162/- | 34200/- |
| 4 | III/53A | ഇൻഡസ് | 2009-10 | 324/- | നിർണ്ണയിച്ചില്ല |
| 5 | III/448A | ബി.എസ്.എൻ.എൽ | 2010-11 | 486/- | 10500/- |
| 6 | III/MT1 | ഇൻഡസ് ടവേഴ്സ് | 2013-14 | | 16000/- |
| 7 | IV/231B | റിലയൻസ് | 2008-09 | 324/- | 8400/- |
| 8 | VI/126A | ഭാരതി | 2010-11 | 324/- | നിർണ്ണയിച്ചില്ല |
| 9 | VI/492A | വയർലെസ്സ്.റ്റി.റ്റി | 2010-11 | 486/- | 14915/- |
| 10 | VII/275A | ടവർവിഷൻ | 2009-10 | 324/- | 34992/- |
| 11 | VII/525B | എയർസെൽ | 2009-10 | 324/- | 13717/- |
| 12 | VII/594C | ഇൻഡസ് | 2013-14 | | 11000/- |
| 13 | VIII/352A1 | ടവർവിഷൻ | 2009-10 | 324/- | 38670/- |
| 14 | IX/92F | ഐഡിയ | 2007-08 | 162/- | നിർണ്ണയിച്ചില്ല |

ക്രമ നമ്പർ 1,4,8,14 എന്നിവ പ്രകാരമുള്ള ടവറുകളുടെ വസ്തുനികുതി പ്ലിന്ത് ഏരിയ അനുസരിച്ച് പുതിയ നിരക്കിൽ ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ചിട്ടില്ല. ബാക്കി ടവറുകളിൽ നിന്നുമുള്ള വസ്തുനികുതി പുതുക്കി നിശ്ചയിച്ചുവെങ്കിലും ഈടാക്കി തുടങ്ങിയിട്ടില്ലാത്തതിനാൽ വസ്തുനികുതി ഇനത്തിൽ വൻ വരുമാനനഷ്ടം ഗ്രാമപഞ്ചായത്തിന് ഉണ്ടാകുന്നുണ്ട്. അപാകത പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

മൊബൈൽടവറുകളുടെയും അനുബന്ധ ഡി.ജി. റൂം, ഷെൽറ്റർ എന്നിവയുടെയുംകൂടി പ്ലിന്ത് ഏരിയ അളന്നു തിട്ടപ്പെടുത്തി വസ്തുനികുതി അടിയന്തിരമായി പുനർനിർണ്ണയിക്കുകയും 2013-14 സാമ്പത്തിക വർഷം മുതലുള്ള കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്.

## 2-3 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 15 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല. എല്ലാ റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 കരിങ്കൽ ക്വാറികൾ, ക്രഷർ യൂണിറ്റുകൾ- ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 2014-15 സാമ്പത്തിക വർഷം എട്ട് കരിങ്കൽ ക്വാറികൾ/ ക്രഷർ യൂണിറ്റുകളാണ് ലൈസൻസോടു കൂടി പ്രവർത്തിച്ചിരുന്നത്. ടി സ്ഥാപനങ്ങളിൽ നിന്നും പരമാവധി ലൈസൻസ് ഫീ,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത യൂണിറ്റുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ദിവസേന 3000/- രൂപ വരെ ശമ്പളം പറ്റുന്ന ജീവനക്കാർ ബ്ലാസ്റ്റർ തസ്തികയിൽ ടി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. ആയതിനാൽ അടിയന്തിരമായി ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതും ഈടാക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വട്ടരി-മലേക്കീഴ് കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായില്ല- നിർവ്വഹണത്തിൽ സുതാര്യത പുലർത്തുന്നില്ല.

നാളിതുവരെ 64 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിലേക്ക് ഒടുക്കിയിട്ടും വട്ടരി മലേക്കീഴ് കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായില്ല. വിശദമായ എസ്റ്റിമേറ്റ് പോലുമില്ലാതെയും പദ്ധതിയുടെ മോണിറ്ററിംഗ് നടത്താതെയുമാണ് ഇത്രയും തുക ഡെപ്പോസിറ്റ് ചെയ്തത് . നാളിതുവരെയുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം/ പ്രോജക്ട് നമ്പർ | ഡെപ്പോസിറ്റ് തുക | ഡി.ഡി നമ്പരും തീയതിയും |
|---|---|---|
| 71/2011 | 1500000 | 28-03-2011 |
| 93/12 | 600000 | 21-03-2012 |
| 73/13 | 837524 | 06-03-2013 |
| 69/14 | 972476 | 692915/01-11-2013 |
| ,, (റോഡ് കട്ടിംഗ് ചാർജ്ജ്) | 156104 | 281628/20-02-2014 |
| 143/15 | 1243000 | 378895/31-03-2015 |
| 181/16 | 1085000 | 423195/29-03-2016 |
| ആകെ | **6394104** | |

പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായ അപാകതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) 12-ാം വാർഡിലെ കാരമലയിൽ നിന്നും വട്ടരി - മലേക്കീഴ് കോളനിയിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷന് വേണ്ടി 2010-11 ൽ 31 ലക്ഷം രൂപ അടങ്കൽ വകയിരുത്തിയാണ് പദ്ധതി അംഗീകാരം വാങ്ങിയിരുന്നത്. എന്നാൽ ഇതിനായി വാട്ടർ അതോറിറ്റി അസി. എഞ്ചിനീയർ 2010-11 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന് പ്രസ്തുത സ്ഥാപനത്തിലെ എക്സി. എഞ്ചിനീയറിൽ നിന്നും അംഗീകാരം വാങ്ങിയിരുന്നില്ല. തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് മുന്നോടിയായി വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റിൽ ഏർപ്പെട്ടുമില്ല.

2) 6-3-2013 ൽ ആണ് വാട്ടർ അതോറിറ്റി പ്രവൃത്തിക്കായി വർക്ക് ഓർഡർ നൽകിയത്. എന്നാൽ 2010 -ലെ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് രണ്ട് ഭാഗങ്ങൾ ആയി വിഭജിക്കുന്നതായും, ഇതിൽ 2011-12 വരെ ഒടുക്കിയിരുന്ന 21 ലക്ഷം രൂപ അതുവരെ ചെയ്ത പ്രവൃത്തി ഇനത്തിൽ ഭാഗം 1 ൽ ഉൾക്കൊള്ളിക്കുന്നതായും സൂചിപ്പിച്ച് 6-3-2013 ൽ വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയർ ഗ്രാമപ്പഞ്ചായത്തിനെ അറിയിച്ചതായിക്കാണുന്നു. ഇത് അംഗീകരിക്കാവുന്നതല്ല. എന്നാൽ 2010 ലെ നിരക്ക് അനുസരിച്ച് ഭാഗം 1 ആയി ചെയ്ത പ്രവൃത്തിയുടെ വാല്വേഷൻ സംബന്ധിച്ച രേഖകളുടെ (വർക്ക് ബിൽ) പകർപ്പ് വാട്ടർ അതോറിറ്റിയിൽ നിന്ന് വാങ്ങുകയോ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ നിന്നും ആയത് ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.

3) പ്രവൃത്തിയുടെ രണ്ടാം ഭാഗം ആയി, 2012 ലെ നിരക്ക് പ്രകാരം 3/2013 മുതൽ നാളിതുവരെയും, പല തവണകളായി, വ്യത്യസ്ത അളവുകൾ കാണിച്ച് (Rough Cost Estimate -കൾ പ്രകാരം) 4294104 രൂപ കൂടി വാട്ടർ അതോറിറ്റിയിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ രണ്ടാം ഘട്ട പ്രവൃത്തിക്ക് ഇത്രയും തുക നൽകിയതിൽ സുതാര്യതയില്ല. ഒന്നാം ഘട്ട പ്രവൃത്തിയുടെ വിശദമായ വാല്വേഷൻ രേഖകളും രണ്ടാം ഘട്ടം പ്രവൃത്തി ഇനത്തിൽ സ്ഥാപിക്കേണ്ട പൈപ്പ് ലൈനിന്റെ മൊത്തം നീളം ഉൾക്കൊള്ളിച്ച് വിശദമായ എസ്റ്റിമേറ്റ് വാങ്ങാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്.

4)പദ്ധതിക്കായി 2015-16 ൽ എം.പി. ഫണ്ട് ഇനത്തിൽ, ഗ്രാമപ്പഞ്ചായത്ത് മുഖേനയല്ലാതെ, നേരിട്ട് വാട്ടർ അതോറിറ്റിയിലേക്ക് തുക ഒടുക്കിയിട്ടുണ്ടോയെന്നതിൽ ഗ്രാമപഞ്ചായത്തിന് വ്യക്തതയില്ല.

5)പദ്ധതി ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. പദ്ധതിയുടെ നടത്തിപ്പ് വിശദമായി പരിശോധിക്കുന്നതിന് ഇതേവരെ ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

ഒന്നാംഘട്ട പദ്ധതിയുടെ വാല്വേഷൻ നിജപ്പെടുത്തുന്നതിന് വർക്ക് ബില്ലിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് വാങ്ങേണ്ടതും രണ്ടാംഘട്ട പദ്ധതിയുടെ (മൊത്തം നീളത്തെ അടിസ്ഥാനമാക്കി)വിശദമായ എസ്റ്റിമേറ്റ് വാങ്ങേണ്ടതുമാണ്.ഇതുവരെ ചെയ്ത പ്രവൃത്തി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതി പരിശോധിച്ച് ബോധ്യപ്പെടുന്നതിന് അടിയന്തിരമായി പദ്ധതി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

### 3-2 അംഗൻവാടി മെയിന്റനൻസ് - അലൂമിനിയം ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിന് അധിക നിരക്ക് നൽകി.

46 -ാം നംപർ അംഗൻവാടിയുടെ മെയിന്റനൻസിന്റെ ഭാഗമായി അലൂമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല.

13 -ാം വാർഡിലെ 46 -ാം നംപർ അംഗൻവാടിയുടെ മെയിന്റനൻസിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി

2013-14 ൽ ആരംഭിച്ച് അടുത്ത വർഷം പൂർത്തീകരിച്ച പദ്ധതി നടപ്പാക്കിയത് ഗുണഭോക്തൃസമിതി മുഖേന ആയിരുന്നു. (കൺവീനർ - അനിൽകുമാർ, കൊല്ലരുവേലിൽ, എഴുമറ്റൂർ; ചെയർമാൻ - ഉണ്ണികൃഷ്ണൻ നായർ, തോമ്പിൽ വട്ടത്തറ, എഴുമറ്റൂർ) അംഗൻവാടിയുടെ പുറകിലായി ഫൗണ്ടേഷൻ കെട്ടി ബലപ്പെടുത്തി, അരഭിത്തിയും ഗ്രില്ലും സ്ഥാപിച്ച് ഒരു മുറി കൂടി കൂട്ടിച്ചേർക്കുകയാണ് പ്രധാനമായും ചെയ്തിട്ടുള്ളത്. പ്രസ്തുത മുറിയ്ക്ക് അലൂമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ്, പി.വി.സി സീലിംഗ്, ചുറ്റമതിൽ, ഗേറ്റ് എന്നിവ നിർവ്വഹിക്കപ്പെട്ട മറ്റ് ഇനങ്ങളാണ്. (പ്രവൃത്തിമൂല്യം - 270808 രൂപ ). പാർട്ട് ബിൽ ആയി (ഡി.ഡി നംപർ 163925 / 5-4-14) 121629 രൂപയും ഫൈനൽ ബിൽ ആയി (ഡി.ഡി. നംപർ 382146/18-11-14 )146472രൂപയും കൺവീനർക്ക് പ്രതിഫലം ഇനത്തിൽ നൽകിയിട്ടുണ്ട്.

പ്രവൃത്തിയുടെ അപ്പന്റിക്സ് എ – യിലെ 9-ാം ഇനമായി 0.46 എം.എം കനത്തിലുള്ള അലൂമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ച് 37.42 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ (10.25 മീറ്റർ നീളം, 3.65 മീറ്റർ വീതി) ആണ് റൂഫിംഗ് നടത്തിയിട്ടുള്ളത് എന്ന് ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിന് 8851 / 10 ച.മീ. നിരക്കിൽ 33120.44 രൂപ പ്രതിഫലമായി നൽകിയിട്ടുണ്ട്. എന്നാൽ 0.46 എം.എം കനത്തിലുള്ള ഈയിനം ഷീറ്റിന് 10 ച.മീറ്ററിന് 5793 രൂപ മാത്രമാണ് അനുവദനീയം. വിശദാംശം ചുവടെ ചേർക്കുന്നു.

മാർക്കറ്റിൽ ലഭ്യമായ 3 m നീളമുള്ളതും, 0.95 m വീതിയുള്ളതും, 0.46 mm കനമുള്ളതുമായ അലൂമിനിയം ട്രഫോർഡ് ഷീറ്റിന്റെ ഭാരം 4.2 Kg ആണ്. അതായത്, 2.85 ച.മീറ്റർ ഉള്ള പ്രസ്തുത ഷീറ്റിന്റെ ഭാരം 4.2 Kg ആണ്. ആയതിനാൽ 1 ച.മീറ്റർ ഷീറ്റിന്റെ ഭാരം 1.473 Kg ആണ്.

<u>ഒബ്സർവ്ഡ് ഡാറ്റാ.</u>

| | |
|---|---|
| 11.5 ച.മീ.അലൂമിനിയം ട്രഫോർഡ് (powder coated) ഷീറ്റിന്റെ വില<br>11.5 x 1.473 Kg=16.939 Kg @268/Kg | 4539.65 |
| 22 nos GI Bolt, 0.733 Kg @81/Kg | 59.37 |
| 22 nos Bitumin Washer @ 2/10 nos | 4.4 |
| 16.939 Kg അലൂമിനിയം ഷീറ്റിന്റെ കടത്തുകൂലി @ 323 / ടൺ | 5.47 |
| ലേബർ | |
| 1.35 nos കാർപ്പെന്റർ @ 500 / E | 675 |
| 1.35 nos പുരുഷൻ @ 377 /E | 508.95 |
| ആകെ 10 ച.മീറ്ററിന് | 5792.84 = 5793 |

10 ച.മീറ്ററിന് 5793 രൂപ നിരക്കിൽ 37.42 ച.മീറ്ററിന് 21677 രൂപ മാത്രമാണ് പ്രതിഫലം നൽകാവുന്നത്. അധികം നൽകിയ തുക 11443 രൂപ (33120 – 21677 ) ഓഡിറ്റിൽ നിരാകരിക്കുന്നു.

റൂഫിംഗിന് ഉപയോഗിക്കേണ്ട അലൂമിനിയം ഷീറ്റിന്റെ ഗേജ് എത്രയെന്ന് എസ്റ്റിമേറ്റിൽ വ്യക്തമാക്കിയിട്ടില്ല. ഗേജ് വ്യക്തമായി രേഖപ്പെടുത്താതെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും, സ്ഥാപിച്ച അലൂമിനിയം ഷീറ്റിന്റെ കനം പരിശോധിക്കാതെ ചെക്ക് മെഷർ ചെയ്യുകയും ചെയ്ത അസി. എക്സി. എഞ്ചിനിയർ കൂടി നിർവ്വഹണ ഉദ്യോഗസ്ഥനൊപ്പം നഷ്ടത്തിന് ഉത്തരവാദിയാണ്. തുക കൺവീനറിൽ നിന്നോ, ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ, അസി. എക്സി. എഞ്ചിനിയർ എന്നിവരിൽ നിന്ന് തുല്യമായോ തിരികെ ഈടാക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള പ്രവൃത്തികളുടെ നിർവ്വഹണം സുതാര്യമല്ല – ടെണ്ടർ സമ്പ്രദായം പൂർണ്ണമായും സ്വീകരിക്കുന്നില്ല.

2014-15 ൽ നിർവ്വഹിക്കപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിച്ച ഒട്ടേറെ പ്രവൃത്തികൾക്കും ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിൽ സംയുക്തമായി ബാങ്ക് അക്കൗണ്ട് ആരംഭിക്കണമെന്ന മാർഗ്ഗനിർദ്ദേശം പാലിച്ചില്ല. പകരം, പ്രതിഫലത്തുക ഗുണഭോക്തൃസമിതി കൺവീനറുടെ മാത്രം പേരിൽ നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയത് ക്രമവിരുദ്ധവും, കേരള പഞ്ചായത്ത് രാജ് - പൊതുമരാമത്ത് ചട്ടങ്ങളുടെയും ഗുണഭോക്തൃസമിതി മാർഗ്ഗരേഖയുടെയും ലംഘനവുമാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | പ്രവൃത്തിയുടെ പേര് | ഗുണഭോക്തൃസമിതി കൺവീനറുടെ പേര് | പ്രവൃത്തി മൂല്യത്തുക | ഡി.ഡി. നംപർ |
|---|---|---|---|---|
| 1 | വല്ലാട്ടുപടി- പടിയറപ്പടി റോഡ് കോൺക്രീറ്റിംഗ് SO 137/15 150000 | രജനി എ.ആർ, ആലുമ്മൂട്ടിൽ, തെള്ളിയൂർ | 139065 | 380423 / 31-3-15 |
| 2 | റ്റി.പി.എം പടി- കൊറ്റൻകോട്ടാൽപ്പടി റോഡ് SO136/15 150000 | ഷോളി മാത്യു, കൊറ്റൻകോട്ടാൽ, തെള്ളിയൂർ | 141074 | 380424 / 31-3-15 |
| 3 | കാരമല ഉന്നത്താനി റോഡ് രകോൺക്രീറ്റിംഗ് SO131/15 150000 | സൂസമ്മ തോമസ്, തോമസ്, തൊട്ടിയിൽ, വാളക്കുഴി | 136770 | 380420 / 31-3-15 |
| 4 | ആനവരിക്കുഴി നടപ്പാലം SO30/15 150000 | വർഗീസ് ചാക്കോ, തടത്തിൽ, തെള്ളിയൂർ | 195588 | 376748 / 14-8-14 |
| 5 | വേങ്ങഴ -പ്രിയദർശിനി റോഡ് കോൺക്രീറ്റിംഗ് SO129/15 150000 | കെ.എസ്.ജോസഫ്, കുമപളമ്പള്ളിൽ, എഴുമറ്റൂർ | 141074 | 380422 / 31-3-15 |

| | | | | |
|---|---|---|---|---|
| 6 | കാരമല – പുരമല റോഡ് കോൺക്രീറ്റിംഗ് SO90/15 210000 | എം. ഗീവർഗീസ്, നെല്ലിക്കാവടക്കേതിൽ, വാളക്കുഴി | 197451 | 3478836 / 27-3-15 |
| 7 | പുന്നക്കൽപ്പടി - വടക്കേമുറിയിൽ റോഡ് കോൺക്രീറ്റിംഗ് SO 125/15 200000 | എൻ.ജെ.വർഗീസ്, നിരംപ്ലാക്കൽ, തടിയൂർ | 187915 | 381484 / 6-4-15 |

ഗുണഭോക്തൃ സമിതികൾ എന്നത് കടലാസ്സ് സംഘടനകൾ ആയി മാറിയതിനെയും ചട്ടങ്ങളുടെ ഗുരുതരമായ ലംഘനത്തെയും ഗൗരവത്തോടെ കാണുന്നു.. ഗുണഭോക്തൃ സമിതികളുടെ ചെലവ് കണക്കുകൾ, വൗച്ചറുകൾ, മസ്റ്റർ റോൾ, അക്കൗണ്ടിൽ നിന്നുമുള്ള പണമിടപാട് എന്നിവയിൽ നിന്നും നിർവ്വഹണ രീതി സുതാര്യമല്ല എന്ന് വ്യക്തമാണ്. 2014-15 ൽ 41 പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിച്ചപ്പോൾ 10 പ്രവൃത്തികൾ മാത്രമാണ് കരാറുകാർ മുഖേന ചെയ്തത്. മേൽസൂചിപ്പിച്ച അപാകങ്ങൾ നിലനിൽക്കുമ്പോഴും ടെണ്ടർ സമ്പ്രദായം സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വിമുഖത കാട്ടുന്നത് അഭിലഷണീയമല്ല. ടെണ്ടർ സമ്പ്രദായം പൂർണ്ണമായും സ്വീകരിച്ച് പ്രവൃത്തി നിർവ്വഹണം സുതാര്യമാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

## 3-4 സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജ്- നിലവിലില്ലാത്ത സാധാരണ ബൾബുകൾക്ക് ഗ്രാമപഞ്ചായത്ത് മാസം തോറും ചാർജ്ജ് അടവാക്കി വരുന്നു.

ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജ് നിലവിൽ കെ.എസ്.ഇ.ബി യിൽ നിന്നുമുള്ള ചാർജ്ജ് സ്റ്റേറ്റ്മെന്റ് പ്രകാരം 40288/- രൂപയാണ്. ഇത് പ്രകാരം 442 സാധാരണ ബൾബുകളുടെ കറന്റ് ചാർജ്ജാണ് അടവാക്കുന്നത്. ആകെ തുകയുടെ പകുതിയിലധികവും സാധാരണ ബൾബുകളുടെ ചാർജ്ജാണ്. എന്നാൽ കഴിഞ്ഞ അഞ്ച് വർഷമായി ഗ്രാമപഞ്ചായത്തിൽ സാധാരണ ബൾബുകൾ വാങ്ങുകയോ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. സാധാരണ ബൾബുകൾ ഒന്നും തന്നെ നിലവിലില്ലാത്ത സാഹചര്യത്തിലാണ് മാസം തോറും ഗ്രാമപഞ്ചായത്ത് ഇപ്രകാരം തുക അടവാക്കുന്നത്.

2013-14 സാമ്പത്തിക വർഷം സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ (140/14) എന്ന പദ്ധതി പ്രകാരം 516 സി.എഫ്.എൽ ബൾബുകൾ വാങ്ങി സ്ഥാപിച്ച ഇനത്തിൽ ഗ്രാമപഞ്ചായത്ത് 175000/-രൂപ ചെലവിട്ടിരുന്നു. എന്നാൽ കെ.എസ്.ഇ.ബി യിൽ നിന്നുമുള്ള ചാർജ്ജ് സ്റ്റേറ്റ്മെന്റിൽ 94 സി.എഫ്.എൽ ബൾബുകളുടെ എണ്ണം മാത്രമാണ് കാണിച്ചിരിക്കുന്നത്. ടി അപാകത എക്സിറ്റ് മീറ്റിംഗിൽ ഉന്നയിച്ചപ്പോൾ സാധാരണ ബൾബുകളൊന്നും തന്നെ നിലവിലില്ലായെന്നും ആയതിന് പകരമായി സി.എഫ്.എൽ വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചത്. ആയതിനാൽ കെ.എസ്.ഇ.ബി യുമായി ചേർന്ന് ഗ്രാമപ്പഞ്ചായത്ത് സംയുക്ത പരിശോധന നടത്തേണ്ടതും നിലവിലില്ലാത്ത തെരുവ് വിളക്കുകൾക്ക് കറന്റ് ചാർജ്ജ് അടവാക്കി വരുന്ന അപാകത പരിഹരിക്കേണ്ടതുമാണ്.

തെരുവ് വിളക്കുകളുടെ മീറ്റർ സ്ഥാപിക്കുന്നതിനായി 50% സബ്സിഡിയോടു കൂടി തുക അടവാക്കുന്നതിന് സർക്കാർ ഉത്തരവുണ്ടായിരുന്നു. ഇത് പ്രകാരം മീറ്റർ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് യാതൊരുവിധ നടപടിയും സ്വീകരിച്ചില്ല. ആയതുപോലെ

തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ടി വിഷയങ്ങളിൽ ഭരണസമിതിയുമായി ആലോചിച്ച് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 പാലിയേറ്റീവ് പരിചരണം- മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല

| പദ്ധതിയുടെ പേര് | പാലിയേറ്റീവ് പരിചരണം (S0011/15) |
|---|---|
| അടങ്കൽ തുക | 478600(വികസന ഫണ്ട്)<br>140000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് തുക | 478600(വികസന ഫണ്ട്)<br>139835(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

2014-15 വർഷം പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്നുകൾ വാങ്ങുന്നതിനായി തിരുവനന്തപുരത്തെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നം | നൽകിയ തുക | ലഭ്യമാക്കിയ മരുന്നിന്റെ വില | അവശേഷിക്കുന്ന തുക |
|---|---|---|---|
| Bill No.11/14-15<br>തീയതി 31.3.15 | 70050 | 50414 | 19636 |

തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ നിലയിൽ വീടുകളിൽ ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമേകുക എന്ന ലക്ഷ്യത്തോടെയാണ് പാലിയേറ്റീവ് പരിചരണ പദ്ധതി രൂപീകരിച്ചിരിക്കുന്നത്. ഇത്തരത്തിൽ മരുന്നുകൾ യഥാസമയം ലഭിക്കാത്ത സാഹചര്യത്തിൽ, പരിചരണം ആവശ്യമുള്ള രോഗികൾക്ക് ആയത് യഥാസമയം നൽകുന്നതിനും സാധിക്കുന്നില്ല. ഈ

വിഷയത്തിൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-6 ഡെപ്പോസിറ്റ് പ്രവൃത്തികൾ-പൂർത്തീകരണ വിവരമില്ല

2010-11 സാമ്പത്തികവർഷം മുതൽ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ ഗ്രാമപ്പഞ്ചായത്തിൽ നിന്നും തുക നിക്ഷേപിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേരും നമ്പരും | സാമ്പത്തിക വർഷം | ഡെപ്പോസിറ്റ് ചെയ്ത തുക | ഡി.ഡി നമ്പരും തീയതിയും | നിർവ്വഹണ സ്ഥാപനം |
|---|---|---|---|---|---|
| 1 | വട്ടരി മലേക്കീഴ് കുടിവെള്ള പദ്ധതി (71/11) | 2010-11 | 1500000 | 28-03-2011 | കേരള വാട്ടർ അതോറിറ്റി,തിരുവല്ല |
| 2 | വട്ടരി മലേക്കീഴ് കുടിവെള്ള പദ്ധതി (93/12) | 2011-12 | 600000 | 192877/21-03-2012 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല |
| 3 | വട്ടരി മലേക്കീഴ് കുടിവെള്ള പദ്ധതി (73/13) | 2012-13 | 837524 | 06-03-2013 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല |
| 4 | എഴുമറ്റൂർ വായനശ്ശാല – ശീതക്കുളം ആശുപത്രി ക്വാർട്ടേഴ്സ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (79/13) | 2012-13 | 50000 | 799521/27-03-2013 | കേരള വാട്ടർ അതോറിറ്റി,തിരുവല്ല |
| 5 | ആശുപത്രി- ആൽത്തറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (78/13) | 2012-13 | 60000 | 799522/27-03-2013 | കേരള വാട്ടർ അതോറിറ്റി,തിരുവല്ല |
| 6 | ഒട്ടമാക്കൽ- മാലക്കര ലൈൻ എക്സ്റ്റൻഷൻ (119/13) | 2012-13 | 16454 | 800222/19-03-2013 | കെ.എസ്.ഇ.ബി, വെണ്ണിക്കുളം |
| 7 | പാട്ടമ്പലം- കുറിഞ്ഞാട്ടുകാവ് ലൈൻ എക്സ്റ്റൻഷൻ(120/13) | 2012-13 | 114397 | 797984/27-02-2013 | കെ.എസ്.ഇ.ബി, വെണ്ണിക്കുളം |
| 8 | വട്ടരി മലേക്കീഴ് കുടിവെള്ള പദ്ധതി (69/14) | 2013-14 | 972476 | 692915/01-11-2013 | കേരള വാട്ടർ അതോറിറ്റി,തിരുവല്ല |
| 9 | ചുഴന്ന ലക്ഷംവീട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (70/14) | 2013-14 | 125000 | 693427/29-11-2013 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല |
| 10 | എഴുമറ്റൂർ ആശുപത്രി - ശീതക്കുളം ആശുപത്രി ക്വാർട്ടേഴ്സ് വഴി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (114/14) | 2013-14 | 650000 | 582644/20-08-2013 | കേരള വാട്ടർ അതോറിറ്റി,തിരുവല്ല |
| 11 | പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കൽ (64/14) | 2013-14 | 890000 | 280371/16-01-2014 | കേരള വാട്ടർ അതോറിറ്റി തിരുവല്ല |
| 12 | ആശുപത്രി- ആൽത്തറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (68/14) | 2013-14 | 65000 | 162025/12-03-2014 | കേരള വാട്ടർ അതോറിറ്റി തിരുവല്ല |
| 13 | അരീക്കൽ കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കൽ (131/14) | 2013-14 | 50000 | 162850/26-03-2014 | കേരള വാട്ടർ അതോറിറ്റി തിരുവല്ല |
| 14 | ഒട്ടമാക്കൽ മാലക്കര ലൈൻ എക്സ്റ്റൻഷൻ (20/14) | 2013-14 | 20776 | 692916/01-11-2013 | കെ.എസ്.ഇ.ബി അയിരൂർ |
| 15 | ആറാട്ടുചിറ പാട്ടമ്പലം കുറിഞ്ഞിക്കാട്ട്കാവ് ലൈൻ എക്സ്റ്റൻഷൻ (21/14) | 2013-14 | 5294 | 692917/01-11-2013 | കെ.എസ്.ഇ.ബി വെണ്ണിക്കുളം |
| 16 | തടിയൂർ- വാളക്കുഴി റോഡിൽ നള്ളേത്ത് പടി മുതൽ ലൈൻ എക്സ്റ്റൻഷൻ (93/14) | 2013-14 | 19800 | 281391/20-02-2014 | കെ.എസ്.ഇ.ബി വെണ്ണിക്കുളം |
| 17 | മേത്താനം അത്യാൽ റോഡിൽ ലൈൻ എക്സ്റ്റൻഷൻ (107/15) | 2014-15 | 69520 | 376718/11-08-2014 | കെ.എസ്.ഇ.ബി വെണ്ണിക്കുളം |

| | | | | | |
|---|---|---|---|---|---|
| 18 | ആശ്രമം മുളയ്ക്കൽപടി റോഡിൽ പൈപ്പ് ലൈൻ നീട്ടൽ (82/15) | 2014-15 | 149238 | 379724/29-10-2014 | കേരള വാട്ടർ അതോറിറ്റി തിരുവല്ല |
| 19 | കുടക്കപ്പതാൽ ഞാക്കക്കാല റോഡിൽ പൈപ്പ് ലൈൻ നീട്ടൽ (81/15) | 2014-15 | 70000 | 377917/24-02-2015 | കേരള വാട്ടർ അതോറിറ്റി തിരുവല്ല |
| 20 | അരീക്കൽ കുടിവെള്ള പദ്ധതി പൂർത്തീകരണം (83/15) | 2014-15 | 48000 | 376954/30-08-2014 | ഭൂജല വകുപ്പ്, പത്തനംതിട്ട |
| 21 | എഴുമറ്റൂർ ആശുപത്രപ്പടി- ശീതക്കുളം ആശുപത്രി ക്വാർട്ടേഴ്സ് വഴി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (119/15) | 2014-15 | 140080 | 02-08-2014 | കേരള വാട്ടർ അതോറിറ്റി തിരുവല്ല |
| 22 | വട്ടരി മലേക്കീഴ് കുടിവെള്ള പദ്ധതി (143/15) | 2014-15 | 1243000 | 378895/31-03-2015 | കേരള വാട്ടർ അതോറിറ്റി തിരുവല്ല |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം 2010-11 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ 22 പ്രവൃത്തികളിലായി കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിലായി തുകകൾ നിക്ഷേപിച്ചുവെങ്കിലും പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

ടി പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബില്ലിന്റെ പകർപ്പ് ,എം ബുക്കിന്റെ പകർപ്പ് എന്നിവ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ആശ്രയ പദ്ധതി - ഒന്നാംഘട്ടം ഫലപ്രദമായി നടപ്പിലാക്കിയില്ല

സമൂഹത്തിലെ അഗതികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ആവിഷ്കരിച്ച ആശ്രയ പദ്ധതി ഗ്രാമപഞ്ചായത്തിൽ ഫലപ്രദമായി നടപ്പിലായില്ല. ഒന്നാംഘട്ട പദ്ധതിയിൽ 65 കുടുംബങ്ങളിലായി 169 അഗതികളാണ് ഉണ്ടായിരുന്നത്. നടപ്പിലാക്കേണ്ടിയിരുന്ന പ്രധാന പദ്ധതി പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി പ്രവർത്തനം | ആവശ്യമായ കുടുംബങ്ങളുടെ എണ്ണം | നൽകിയ കുടുംബങ്ങളുടെ എണ്ണം | അവശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| ഭൂമിയില്ലാത്തവർ | 12 | 3 | 9 |
| ഭവനമില്ലാത്തവർ | 27 | 12 | 15 |
| കുടിവെള്ളം | 14 | 8 | 6 |
| വൈദ്യുതി | 17 | 1 | 16 |
| ഉപജീവനം | 13 | 3 | 10 |
| ചികിൽസ | 27 | 2 | 25 |

31-03-2015 ൽ ആശ്രയ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക 1576335/- രൂപയാണ്. ഇത്രയും തുക അക്കൗണ്ടിൽ അവശേഷിക്കുമ്പോഴാണ് മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാകാതിരുന്നത്. 2014-15 സാമ്പത്തിക വർഷം അഞ്ച് ലക്ഷം രൂപ വികസനഫണ്ടിൽ നിന്നും ലഭ്യമാക്കിയിരുന്നു. എന്നാൽ ഭക്ഷണവിതരണവും കുട്ടികൾക്ക് പഠനോപകരണം നൽകലുമായിരുന്നു നടത്തിയ പദ്ധതി പ്രവർത്തനം. ഇതിനായി 35300/- രൂപയാണ് ചെലവിട്ടത്.

ഗ്രാമപഞ്ചായത്തിൽ ഇപ്പോഴും തുടർന്നു വരുന്ന ഒന്നാം ഘട്ട ആശ്രയ പദ്ധതി പൂർണ്ണമാകാതെ 79 കുടുംബങ്ങളെ ഉൾപ്പെടുത്തി രണ്ടാംഘട്ട പദ്ധതിക്ക് അംഗീകാരം വാങ്ങി. സ.ഉ (സാധാ) നം-714/2016/ത.സ്വ.ഭ.വ തീയതി 19-02-2016 പ്രകാരമാണ് രണ്ടാംഘട്ട പദ്ധതിക്ക് അംഗീകാരം ലഭിച്ചത്. ഒന്നാംഘട്ട പദ്ധതി പ്രകാരം സഹായം ആവശ്യമായ ഗുണഭോക്താക്കൾക്ക് ആയത് പൂർണ്ണമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് ഭരണസമിതി കൂടി സ്വീകരിക്കേണ്ടതാണ്.

ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം മോണിറ്ററിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം മോണിറ്ററിംഗ് സമിതി വിലയിരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷയായ സമിതിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ,ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി ,സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ , ആശ്രയയുടെ ചുമതലയുള്ള സി.ഡി.എസ് അംഗം ,രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവരായിരിക്കണം മോണിറ്ററിംഗ് സമിതി അംഗങ്ങൾ. സമിതി കൃത്യമായി കൂടുകയോ പദ്ധതി പ്രവർത്തനം വിലയിരുത്തുകയോ ചെയ്യുന്നില്ല.ചുരുക്കത്തിൽ പദ്ധതി പ്രവർത്തനം ഫലപ്രദമായി നടപ്പിലാക്കി വരുന്നില്ലായെന്ന് ഓഡിറ്റ് പ്രത്യേകമായി ചൂണ്ടിക്കാട്ടുന്നു.

## 3-8 നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ഒടുക്കുന്നെങ്കിലും കൈപ്പറ്റ് രസീത് ലഭിക്കുന്നില്ല.

വർഷങ്ങളായി വിവിധ മരാമത്ത് പ്രവൃത്തികളുടെ മൂല്യത്തുകയിൽ നിന്നും നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കുന്നെങ്കിലും നാളിതുവരെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും കൈപ്പറ്റ് രസീത് ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ

ചേർക്കുന്നു.

| വർഷം | ക്ഷേമനിധി വിഹിതം ആയി അയച്ച ഡി.ഡി -കളുടെ എണ്ണം | അയച്ച ഡി.ഡി -കൾ പ്രകാരമുള്ള ആകെത്തുക | കൈപ്പറ്റ് രസീതുകൾ ലഭ്യമാക്കിയത്. | |
|---|---|---|---|---|
| | | | എണ്ണം | തുക |
| 2012-13 | 36 | 57917 | ഇല്ല | |
| 2013-14 | 60 | 50476 | " | |
| 2014-15 | 51 | 85494 | ഇല്ല | |
| 2015-16 | 74 | 168074 | ഇല്ല | |
| ആകെ | | 361961 | | |

2012-13 മുതൽ 2015-16 വരെ കാലയളവിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ മൂല്യത്തുകയിൽ നിന്നും നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ആയി 1 % തുക ഈടാക്കിയത് പ്രകാരം 3.62ലക്ഷം രൂപ ബോർഡിലേക്ക് ഡി.ഡി ആയി ഒടുക്കിയെങ്കിലും അവയ്ക്ക് കൈപ്പറ്റ് രസീത് ലഭിച്ചിട്ടില്ല. രസീതുകൾ ലഭിക്കുന്നതിന് തുടർച്ചയായി അസിസ്റ്റന്റ് എഞ്ചിനിയർ കത്തുകൾ അയച്ചതിന് മറുപടിയൊന്നും ലഭിച്ചിട്ടുമില്ല. Account Payee ആയല്ലാതെ ഒട്ടേറെ ഡി.ഡി - കൾ നൽകിയിട്ടുണ്ട് എന്ന് രേഖകൾ വ്യക്തമാക്കുന്നു. എന്നാൽ Registered with Acknowledgement ആയാണ് അവ അയച്ച് നൽകിയത് എന്ന് ഇത് സംബന്ധിച്ച് 24-5-16 ൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നംപർ 9) മറുപടി ലഭിച്ചു. ഡി.ഡി - കൾ Account Payee ആയി നൽകാഞ്ഞത് നടപടിക്രമങ്ങളിലെ അപാകം ആയി വിലയിരുത്തുന്നു.

ഡിമാന്റ് ഡ്രാഫ്റ്റുകൾ ഭാവിയിൽ Account Payee ആയും രജിസ്റ്റേർഡ് തപാൽ മുഖേനയും അയച്ച് നൽകേണ്ടതാണ്. കൂടാതെ കൈപ്പറ്റ് രസീതുകൾ ലഭിക്കാഞ്ഞതിന്മേൽ തുടർ നടപടിക്കായി പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| സാമ്പത്തിക വർഷം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 2014-15 | ബ്ലോക്ക് ഓഫീസ്,കോയിപ്രം | 2014-15 | 100000 | പാലിയേറ്റീവ് പരിചരണം(07/15) | 100000 | ഇല്ല |
| 2014-15 | ബ്ലോക്ക് ഓഫീസ്,കോയിപ്രം | 2014-15 | 140000 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(11/15) | 139835 | 165 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | പ്രോജക്ടിന്റെ പേരും നമ്പരും | സാമ്പത്തിക വർഷം | ഡെപ്പോസിറ്റ് ചെയ്ത തുക | ഡി.ഡി നമ്പരും തീയതിയും | നിർവ്വഹണ സ്ഥാപനം |
|---|---|---|---|---|---|
| 1 | മേത്താനം അത്യാൽ റോഡിൽ ലൈൻ എക്സ്റ്റൻഷൻ (107/15) | 2014-15 | 69520 | 376718/11-08-2014 | കെ.എസ്.ഇ.ബി വെണ്ണിക്കുളം |
| 2 | ആശ്രമം മുളയ്ക്കൽപടി റോഡിൽ പൈപ്പ് ലൈൻ നീട്ടൽ (82/15) | 2014-15 | 149238 | 379724/29-10-2014 | കേരള വാട്ടർ അതോറിറ്റി തിരുവല്ല |
| 3 | കുടുക്കപ്പതാൽ ഞാക്കക്കാല റോഡിൽ പൈപ്പ് ലൈൻ നീട്ടൽ (81/15) | 2014-15 | 70000 | 377917/24-02-2015 | കേരള വാട്ടർ അതോറിറ്റി |

| | | | | | |
|---|---|---|---|---|---|
| | | | | | തിരുവല്ല |
| 4 | അരീക്കൽ കുടിവെള്ള പദ്ധതി പൂർത്തീകരണം (83/15) | 2014-15 | 48000 | 376954/30-08-2014 | കേരള വാട്ടർ അതോറിറ്റി തിരുവല്ല |
| 5 | എഴുമറ്റൂർ ആശുപത്രിപ്പടി- ശീതക്കുളം ആശുപത്രി ക്വാർട്ടേഴ്സ് വഴി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (119/15) | 2014-15 | 140080 | 376661/02-08-2014 | കേരള വാട്ടർ അതോറിറ്റി തിരുവല്ല |
| 6 | വട്ടരി മലേക്കീഴ് കുടിവെള്ള പദ്ധതി (143/15) | 2014-15 | 1243000 | 378895/31-03-2015 | കേരള വാട്ടർ അതോറിറ്റി തിരുവല്ല |

## 4-3 വായ്പ / വായ്പ തിരിച്ചടവ്

2014-15 സാമ്പത്തിക വർഷത്തെ വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | സാമ്പത്തിക വർഷം | ഉത്തരവ് നമ്പർ / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക മുതൽ | പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| EMS ഭവന പദ്ധതി | 2014-15 | സ.ഉ (സാധാ )798/2010 /ത.സ്വ.ഭ.വ തീയതി 09-03-2010 | 5000000 | 888300 | 487265 | | 401035 |

## 4-4 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

1) <u>ഓഡിറ്റ് വേളയിൽ കണ്ടെത്തുന്ന അടവിൽ കുറവ് / അധികച്ചെലവ് എന്നിവയുടെ തിരിച്ചടവ്</u>

ഇല്ല.

**2)**<u>മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള റിക്കവറി</u>

ഇല്ല

## 4-6 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | **51744862** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | **36869063** |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ : | |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക : | **11443** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക : | ഇല്ല |

(ബി) <u>പഞ്ചായത്തു ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം | നഷ്ടമായ തുക ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | | 11443 | 5722-ശ്രീഅനൂപ് രാജ്.എ.ആർ<br>അസ്സിസ്റ്റന്റ് എൻജിനീയർ<br>5721-ശ്രീമതി. ശ്രീല.എസ്,അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ്എൻജിനീയർ |

<u>തടസ്സപ്പെടുത്തിയ തുക</u>

ഖണ്ഡിക നമ്പർ തുക ഉത്തരവാദിയായഉദ്യോഗസ്ഥൻ

ഇല്ല

സി)<u>കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക്, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം</u>

| *പേരും ഉദ്യോഗപ്പേരും* | *ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം* | *സ്ഥിരം മേൽവിലാസം* |
|---|---|---|
| ശ്രീമതി. ശ്രീല.എസ്, അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ്എൻജിനീയർ | എക്സിക്യൂട്ടീവ്എൻജിനീയർ കോഴിക്കോട് കോർപ്പറേഷൻ | ശ്രീലയം പുത്തൂർ.പി.ഒ കൊട്ടാരക്കര-691507 |
| ശ്രീ അനൂപ് രാജ്.എ.ആർ അസ്സിസ്റ്റന്റ് എൻജിനീയർ എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് | അസ്സിസ്റ്റന്റ് എൻജിനീയർ എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് | രാജ് വിഹാർ ഓതറ വെസ്റ്റ്.പി.ഒ തിരുവല്ല. |

## 4-7 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം* |
|---|---|---|

| | |
|---|---|
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 12/522/1998 തീയതി 13-01-2010 |
| 1998-99 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 5/671/2011 തീയതി 12-12-2011/13-07-2012 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 2/769/2000 തീയതി 07-11-2001 |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി 3/177/2004 തീയതി 02-11-2004 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/683/05തീയതി 03-01-2016 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി.3/178/2004 തീയതി 02-11-2004 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.3/683/2005 തീയതി 03-01-2006 |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി.5/674/2011 തീയതി 12-12-2011/21-07-2012 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി 5/675/2011തീയതി 12-12-2011/21-07-2012 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി3/389/2005 തീയതി 05-05-2006 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി5/676/2011തീയതി 09-12-2011/27-07-2012 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.5/677/2011 തീയതി 12-12-2011/28-07-2012 |
| 2006-07 to 2010-11 | എൽ.എഫ്.പി.റ്റി.എ-പി.8/975/12 തീയതി 23-03-2013/03-06-2014 |
| 2011-12 to 2012-13 | എൽ.എഫ്.പി.റ്റി.എ-പി 8/538/14 തീയതി 26-08-2014/17-03-2015 |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി 8/531/15 തീയതി 29-06-2015 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ ( ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല